I/71971/2022

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം – ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ – ആലപ്പുഴ നഗരസഭ- മുല്ലയ്ക്കൽ വില്ലേജ്- വാസഗൃഹ നിർമ്മാണത്തിന് കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം– ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 20.09.2022-ലെ E5-PMAY-161/17 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ TCPALP/1298/2022-C/ കെ.ഡിസ്                തീയതി : 14-10-2022**

ആലപ്പുഴ നഗരസഭ- അമ്പലപ്പുഴ താലൂക്കിൽ, മുല്ലയ്ക്കൽ വില്ലേജിൽ, സർവ്വേ നമ്പർ 662/40A (റീ സർവ്വേ നമ്പർ 61) -ൽ പെട്ട 106.00 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത്, ശ്രീമതി. വി. എം. ഐഷ ബീവി, അനസ് മൻസിൽ, പാലസ് വാർഡ്, ആലപ്പുഴ എന്നയാൾ നിർമ്മിച്ച 68.35 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള, G + stair cabin നിലകളുള്ള ഏക കുടുംബ വാസഗൃഹ നിർമ്മാണത്തിന് KMBR 2019 ചട്ടം 5(6) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. KMBR 2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
7. പ്രസ്തുത നിർമ്മാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

(അംഗീകരിച്ച കൺകറൻസ് നമ്പർ : 7 / 2022)

Signed by
Joseph K F
Date: 14-10-2022 13:49:11

**ജില്ലാ ടൗൺ പ്ലാനർ**
**ആലപ്പുഴ**

ശ്രീമതി. വി. എം. ഐഷ ബീവി, അനസ് മൻസിൽ,
പാലസ് വാർഡ്, ആലപ്പുഴ

പകർപ്പ് :
1) സെക്രട്ടറി, ആലപ്പുഴ നഗരസഭ (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) കരുതൽ ഫയൽ, 3) അധികം.